**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1130** — **31-01-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പൈപ്പ് ലൈനുകളില തകരാറുകൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകൾ തകരാറിലാകുന്നത് വളരെ വേഗത്തിൽ തന്നെ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ? | (എ) | നാഷണൽ ഹൈവേയുടെ നിർമ്മാണപ്രവർത്തന വുമായി ബന്ധപ്പെട്ട കുടിവെള്ള പൈപ്പുകൾ തകരാറിലാകുന്നത് കേരള വാട്ടർ അതോറിറ്റിയുടെ മേൽ നോട്ടത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയാണ് പരിഹരിച്ച വരുന്നത്. നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഹൈവേയുടെ നിർമ്മാണ പ്രവർത്തനവുമായി ഏകോപിപ്പിച്ച് നാഷണൽ ഹൈവേയുടെ കരാറുകാരൻ തന്നെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നു. കുടിവെള്ള പൈപ്പുകളിൽ തകരാറ് സംഭവിക്കുന്നത് കണ്ടെത്തുന്ന മുറയ്ക്ക് നാഷണൽ ഹൈവേയെ അറിയിച്ച വളരെ വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കാലതാമസം നേരിടുന്ന സാഹചര്യത്തിൽ വാട്ടർ അതോറിറ്റി നേരിട്ട് ബ്ലൂ ബ്രിഗേഡ് സംവിധാനം മുഖേനയും, റണ്ണിംഗ് കോൺട്രാക്റ്റ് മുഖേനയും കുടിവെള്ള പൈപ്പുകൾ തകരാറിലാകുന്നത് വളരെ വേഗത്തിൽ തന്നെ പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ